# പതിമൂന്നാം കേരള നിയമസഭ
# ഒമ്പതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 232</u> <u>19.06.2013 ൽ മറുപടിക്ക്</u>

## <u>ഗ്രാമീണ മേഖലയിലെ ചികിൽസാ സൗകര്യങ്ങൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ശ്രീ.പി.സി. ജോർജ്ജ് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഗ്രാമീണ മേഖലയിൽ ചികിൽസാ സൗകര്യങ്ങളുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ ഗ്രാമീണ മേഖലയിൽ ചികിൽസാ സൗകര്യങ്ങളുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു പ്രാഥമികാരോഗ്യ കേന്ദ്രം എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഇതിലേക്കായി 2012 - 13 സാമ്പത്തിക വർഷത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പുതിയതായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ (അലോപ്പതി) അനുവദിച്ചു. ഇനിയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പുതിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. സംസ്ഥാനത്തെ 9 പഞ്ചായത്തുകളിലാണ് പ്രാഥമികാരോഗ്യ കേന്ദ്രം നിലവിലില്ലാത്തത്. എന്നാൽ ചില പഞ്ചായത്തുകളിൽ പ്രാഥമികാരോഗ്യ കേന്ദ്രവും സാമൂഹികാരോഗ്യ കേന്ദ്രവും താലൂക്കാശുപത്രിയും നിലവിലുണ്ട്.<br>സംസ്ഥാനത്തെ ഭൂരിഭാഗം പഞ്ചായത്തുകളിലും സർക്കാർ /എൻ.ആർ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിച്ചുവരുന്നു. 36 പഞ്ചായത്തുകളൊഴികെ മറ്റെല്ലാ ഗ്രാമപഞ്ചായത്തുകളിലും ആയുർവ്വേദ ചികിൽസാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും സേവനം യഥാസമയം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) ഡോക്ടർമാരുടെ ഒഴിവുകൾ യഥാസമയം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സിയിൽ നിന്ന് നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ആരോഗ്യ വകുപ്പിൽ നിയമന ഉത്തരവ് നൽകി ഒഴിവുകൾ നികത്തി വരികയും ചെയ്യുന്നുണ്ട്. സിവിൽ സർജൻ തസ്തികയിലെ ഒഴിവുകൾ ഡിപ്പാർട്ടുമെന്റ് പ്രൊമോഷൻ കമ്മിറ്റിയുടെ ശുപാർശ ലഭിച്ചതനുസരിച്ച് നികത്തുന്നതിനുള്ള നടപടി |

| | |
|---|---|
| | ജൂനിയർ കൺസൾട്ടന്റിന്റെ ഒഴിവുകൾ അസിസ്റ്റന്റ് സർജൻമാരിൽ സ്പെഷ്യാലിറ്റി ബിരുദമുള്ളവരിൽ നിന്നും നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കൺസൾട്ടന്റ്, സീനിയർ കൺസൾട്ടന്റ്, ചീഫ് കൺസൾട്ടന്റ് എന്നീ തസ്തികയിലെ ഒഴിവുകളിൽ ഡിപ്പാർട്ടുമെന്റ് പ്രമോഷൻ കമ്മിറ്റിയുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണ്.<br>ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ സേവനം ഉറപ്പ് വരുത്തുന്നതിനുവേണ്ടി ആരോഗ്യ സ്ഥാപനങ്ങളെ 'റൂറൽ' എന്നും 'ഡിഫിക്കൽറ്റ് റൂറൽ' എന്നും വേർതിരിക്കുകയും റൂറൽ മേഖലയിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് 3000/-രൂപ, റൂറൽ അലവൻസായും, തിരഞ്ഞെടുത്ത ഡിഫിക്കൽറ്റ് റൂറൽ ഏരിയാകളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് 4500/- രൂപ ഡിഫിക്കൽറ്റ് റൂറൽ അലവൻസായും നൽകി വരുന്നു. കൂടാതെ ഈ മേഖലയിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് ഉപരിപഠനത്തിനായി മുൻഗണന നൽകുകയും ചെയ്യുന്നു. മറ്റ് ജീവനക്കാരുടെ സേവനം ലഭിക്കുന്നതിൽ ഗ്രാമീണമേഖലയ്ക്ക് ബുദ്ധിമുട്ടുകളില്ല. ഈ വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ യഥാസമയം നികത്തി വരുന്നു. പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യങ്ങളിൽ എംപ്ലോയ്മെന്റ് മുഖേനയും വാക്ക് ഇൻ ഇന്റർവ്യൂ, എൻ.ആർ.എച്ച്.എം, ആർ.എസ്.ബി.വൈ വഴിയും ജീവനക്കാരെ നിയമിച്ച് സേവനം ഉറപ്പ് വരുത്തുന്നുണ്ട്. |
| (സി) ഡോക്ടർമാരുടെ സേവനം ലഭ്യമാകാത്ത സാഹചര്യത്തിൽ മറ്റ് ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) ആവശ്യത്തിന് ഡോക്ടർമാരെ ലഭ്യമല്ലാതെ വരുന്ന സാഹചര്യത്തിൽ താൽക്കാലികാടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിച്ച് സേവനം ഉറപ്പ് വരുത്തുവാൻ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്പോൾ ആരോഗ്യ വകുപ്പിൽ ചില വിഭാഗം സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ അഭാവം അനുഭവപ്പെടുന്നുണ്ട്. സ്പെഷ്യലിസ്റ്റ് അല്ലാത്ത ഡോക്ടർമാരുടെ 68 ഒഴിവുകൾ മാത്രമാണ് ഉള്ളത്. 01.07.2013 ൽ ഉപരിപഠനം കഴിഞ്ഞ് 185 ഡോക്ടർമാർ സർവ്വീസിലേക്ക് തിരികെ വരുമ്പോൾ ഈ ഒഴിവുകൾ നികത്താൻ കഴിയും. എൻ.ആർ.എച്ച്.എം. മുഖേനയും ജില്ലാ ആഫീസർമാർ മുഖേനയും അഡ്ഹോക് വ്യവസ്ഥയിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ